**കാതിക്കുടം ; സാംസ്കാരികകേരളം പ്രതിഷേധിക്കുന്നു.**

തൃശ്ശൂരിൽ കാതിക്കുടത്ത് നിറ്റജലാറ്റിൻ കമ്പനിയുടെ മലിനീകരണത്തിനെതിരെ സമാധാനപരവും അഹിംസാത്മകവുമായി സമരം നടത്തി കൊണ്ടിരിക്കുന്ന നാട്ടുകാർക്കെതിരെ ഇന്നലെ പോലീസ് നടത്തിയ കടന്നാക്രമണത്തിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു. ജില്ലാ കലക്ടർ ഒത്തു തീർപ്പു സംഭാഷണത്തിനിടയിൽ ആവശ്യപ്പെട്ട സമയം അനുവദിച്ചു കൊണ്ട് സമരം തുടരുകയായിരുന്ന സ്ത്രീകളും കുട്ടികളും അടങ്ങുന്ന നാട്ടുകാരെ അവരുടെ വീടുകളിൽ അക്രമിച്ചു കയറി മർദ്ദിക്കുകയും വീട്ടുപകരണങ്ങൾ നശിപ്പിക്കുകയും അറസ്റ്റു ചെയ്യുകയും കൂടിയാണ് പോലീസ് ചെയ്തത്. അമ്പതിലേറെ പേർ അങ്കമാലിയിലെയും ചാലക്കുടിയിലേയും ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതായി അറിയുന്നു. ജനാധിപത്യപരമായ സമരങ്ങളെ ഇവ്വിധമാണ് നേരിടുന്നതെങ്കിൽ ജനാധിപത്യേതരമായ മാർഗ്ഗങ്ങളിലേക്ക് ജനകീയ സമരങ്ങളെ തള്ളിവിടുകയാകും ഫലത്തിൽ സംഭവിക്കുക? അതിക്രമങ്ങൾക്കു നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു മാറ്റി നിർത്തിയിട്ടു വേണം സംഭവത്തെ കുറിച്ച് അന്വേഷണം നടത്താനും സംഭാഷണം പുനരാരംഭിക്കാനും ജനാധിപത്യത്തിൽ വിയോജിപ്പിനും അവകാശങ്ങളും ആവശ്യങ്ങളും ഉന്നയിക്കുന്നതിനും ഇടമുണ്ട്. ഈ ഇടം ഉത്തരവാദിത്തത്തോടെ ഉപയോഗിക്കുന്ന ജനകീയ മുൻകൈകളെ ജനാധിപത്യപരമായി അഭിമുഖീകരിക്കണമെന്ന് ഞങ്ങൾ സർക്കാറിനോടും പൊതുസമൂഹത്തിനോടും ആവശ്യപ്പെടുന്നു. മുത്തങ്ങയിൽ ആദിവാസി പ്രക്ഷോഭത്തെ നേരിട്ട രീതി ആവർത്തിക്കാൻ ഇടവരരുതെന്ന് ഞങ്ങൾ താക്കീതു ചെയ്യുന്നു.

എസ് പി ഉദയകുമാർ, പ്രഫുൽ ബിദ്വായ്, ബി.ആർ.പി. ഭാസ്ക്കർ, ഡോ.എം.ഗംഗാധരൻ, ആറ്റൂർ രവിവർമ്മ, സുഗത കുമാരി, ആനന്ദ്, ചാരുനിവേദിത, കെ പി കുമാരൻ, ലെനിൻ രാജേന്ദ്രൻ, ടി.വി.ചന്ദ്രൻ, സാറാ ജോസഫ്, അജിത, കെ.ആർ.മോഹനൻ, പി. സുരേന്ദ്രൻ, ഡോ.കദീജ മുംതാസ്, ഒ.അബ്ദുറഹിമാൻ, പ്രകാശ് ബാരെ, ഡോ. എ.കെ. ജയശ്രീ, എം.എ.റഹ്മാൻ, പ്രൊഫ.പി.ഗീത, സി.ആർ. നീലകണ്ഠൻ, കൽപ്പറ്റ നാരായണൻ, യു.കെ. കുമാരൻ, ഡോ എസ് ശാന്തി, മാഗ്ലിൻ പീറ്റർ, സിവിക് ചന്ദ്രൻ, ടി.പീറ്റർ, മ്യൂസ് മേരി, എൻ.പ്രഭാകരൻ, അംബികാസുതൻ മാങ്ങാട്, സി.എഫ്.ജോർജ്ജ്, എ.പി. കുഞ്ഞാമു, ഷേയ്ക്ക് മുഹമ്മദ് കാരക്കുന്ന്, കെ.പി.ശശി, ഡോ.ജെ.ദേവിക, കെ.ആർ.മീര, രേഖ രാജ്, ഡോ.എ.അച്ചുതൻ, പ്രൊഫ. ശോഭീന്ദ്രൻ, അനിവർ അരവിന്ദ്, സുരേഷ് എളമൻ, സീന പനോളി, റാഫി മുഹമ്മദ്, അൻവർ അലി, കെ.കെ.ബാബുരാജ്, പി. ബാബുരാജ്, വിജയരാഘവൻ ചേലിയ, ഡോ.അജയ്ശേഖർ, ഡോ. എ.ലത, മുഹമ്മദ് വേളം, വി.എം.ഗിരിജ, എൻ.എ.നസീർ, ബി. അജിത് കുമാർ, കമൽ മുഹമ്മദ്, ഗിരിജ പാതേക്കര, കെ.കെ.സുരേന്ദ്രൻ, എസ്.അനിത, എം.ആർ.രേണുകുമാർ, പി.എസ്. രാധാകൃഷ്ണൻ, എൻ.ശ്രീജിത്ത്, മുസ്തഫ ദേശമംഗലം, ബൈജു മേരിക്കുന്ന്, സനീഷ് പനങ്ങാട്, ഡോ ജ്യോതികൃഷ്ണൻ, ടി കെ രാജീവ് കുമാർ, റാഫി മുഹമ്മദ്, വി എം ദേവദാസ്, ഗോപാൽ മേനോൻ, വി വി അജയകുമാർ, കെ എച്ച് ഹുസൈൻ, കെ ജി ജഗദീശൻ, ദീപ വി ഗോപിനാഥ്, അരുൺ കുമാർ